## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2905** 15/02/2013 ൽ മറുപടിക്ക്

## എസ്.സി.ഇ.ആർ.ടി, സ്റ്റേറ്റ് ഓപ്പൺ സ്കൂൾ, എസ്.എസ്.എ എന്നീ സ്ഥാപനങ്ങളിൽ നടക്കുന്ന താൽക്കാലിക നിയമനങ്ങൾ

**ചോദ്യം** **ഉത്തരം**

ശ്രീ. വി.ചെന്താമരാക്ഷൻ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. വി.ശിവൻകുട്ടി:
ശ്രീ. പുരുഷൻ കടലുണ്ടി:

ശ്രീ.പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | വിദ്യാഭ്യാസവകുപ്പിൻ കീഴിൽ വരുന്ന എസ്.സി.ഇ.ആർ.ടി, സ്റ്റേറ്റ് ഓപ്പൺ സ്കൂൾ, എസ്.എസ്.എ എന്നീ സ്ഥാപനങ്ങളിൽ നടക്കുന്ന താൽക്കാലിക നിയമനങ്ങളിൽ ക്രമക്കേട് നടന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | എസ്.എസ്.എ, എസ്.സി.ഇ.ആർ.ടി എന്നീ സ്ഥാപനങ്ങളിൽ നടക്കുന്ന താൽക്കാലിക നിയമനങ്ങളിൽ ക്രമക്കേട് നടന്നതായ ആക്ഷേപങ്ങൾ ~~ശ്രദ്ധയിൽ~~ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത സ്ഥാപനങ്ങളിൽ താൽക്കാലിക നിയമനങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ, ഏതെല്ലാം തസ്തികകളിൽ എത്ര പേരെ നിയമിച്ചു എന്ന് വെളിപ്പെടുത്താമോ; നിയമനങ്ങളിൽ ക്രമക്കേട് ആരോപിച്ച് കേസ് നിലവിലുണ്ടോ; കേസിന്റെ വിശദാംശം നൽകാമോ; | ബി) | ഉണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം കരാറടിസ്ഥാനത്തിൽ 803 ജീവനക്കാരെയും ദിവസവേതനാടിസ്ഥാനത്തിൽ 149 ജീവനക്കാരെയും എസ്.എസ്.എ.യിൽ നിയമിച്ചിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി യിൽ ദിവസവേതനാടിസ്ഥാനത്തിൽ ഒരു ഡി.ടി.പി. ഓപ്പറേറ്ററെ നിയമിച്ചിട്ടുണ്ട്. നിയമനങ്ങളിൽ ക്രമക്കേട് ആരോപിച്ച് ബെൻഡാർവിൻ എന്ന ആൾ ലോകായുക്തയിൽ പരാതി നൽകിയിട്ടുണ്ട്. (Complaint No.1799/2012 C) |
| സി) | ഇവിടങ്ങളിൽ വീണ്ടും താല്ക്കാലിക നിയമനങ്ങൾ നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഏതെല്ലാം തസ്തികകളിലേക്ക്; എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | സി) | എസ്.എസ്.എ.യിൽ താല്ക്കാലിക നിയമനം നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടില്ല. എസ്.സി.ഇ.ആർ.ടി യിൽ നിലവിലുള്ളവരുടെ കാലാവധി 11/2013 ൽ തീരുന്നതിനാൽ നിയമന നടപടി ആരംഭിച്ചിട്ടുണ്ട്. 18 തസ്തികകളിലേക്ക് 8448 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| ഡി) | ഇത്തരം നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ആയിരിക്കണമെന്ന വ്യവസ്ഥ ലംഘിച്ചു കൊണ്ടുള്ളതാണെന്നറിയാമോ; | ഡി) | എസ്.എസ്.എ ഒരു കേന്ദ്ര സംസ്ഥാന സംയുക്ത സമയബന്ധിത പ്രോജക്ട് ആയതിനാൽ നിയമനങ്ങൾ സമയബന്ധിതമായി നടക്കേണ്ടതുള്ളതു കൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം പ്രായോഗികമല്ല. എസ്.സി.ഇ.ആർ.ടി. ഒരു |

| | | | |
|---|---|---|---|
| | | | സ്വയംഭരണ സ്ഥാപനമായതിനാൽ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്നില്ല. |
| ഇ) | നടത്താൻ പോകുന്ന നിയമനങ്ങൾക്ക് പരീക്ഷയും അഭിമുഖവും നടത്തുന്നുണ്ടോ; പരീക്ഷ നടത്തുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | ഇ) | എസ്.സി.ഇ.ആർ.ടി. യിൽ എൻ.ടി. എസ്./എൻ.എം.എസ് പരീക്ഷകൾ നടത്തുന്ന അദ്ധ്യാപികയുടെ നേതൃത്വത്തിൽ പരീക്ഷക്കും അഭിമുഖത്തിനും ഒരു അക്കാദമിക് ബോഡി രൂപീകരിച്ച് ചുമതലപ്പെടുത്തിയിട്ടുണ്ട്. എസ്.എസ്.എ യെ സംബന്ധിച്ച് ചോദ്യം ബാധകമല്ല. |
| (എഫ്) | നടക്കാൻ പോകുന്ന നിയമന നടപടികൾ സംബന്ധിച്ച പരാതിയിൽ ലോകായുക്ത ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ വിശദാംശങ്ങൾ നൽകാമോ; | എഫ്) | നിയമന നടപടികൾ സംബന്ധിച്ച് പരാതിയിൽ 11-1-2013 ന് ബഹു. ലോകായുക്ത ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവ് 30.1.2013 ൽ ആണ് എസ്.സി.ഇ.ആർ.ടി യിൽ ഫാക്സ് മുഖേന പരാതിക്കാരൻ അറിയിച്ചത്. അതിന് മുമ്പ് ഡബ്ല്യു.പി.(സി)/ 1323/2013 നമ്പർ കേസിൽ 15.1.2013 ൽ ഉണ്ടായ വിധിയിൽ ബഹു. ഹൈക്കോടതി എഴുത്ത് പരീക്ഷ നടത്തുന്നതിനും ഉത്തരക്കടലാസുകൾ സീൽ ചെയ്ത് സൂക്ഷിക്കുന്നതിനും ബഹു. ഹൈക്കോടതിയുടെ മേലുത്തരവുകൾക്കായി കാക്കുന്നതിനും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. എസ്.എസ്.എ യെ സംബന്ധിച്ച് ചോദ്യം ബാധകമല്ല. |
| ജി) | മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ നിയമനങ്ങളുടെ പേരിലുള്ള പരാതിയിൻമേൽ ആരുടെയെല്ലാം പേരിൽ ലോകായുക്ത നോട്ടീസ് അയച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ? | ജി) | 1.ഡയറക്ടർ, സ്റ്റേറ്റ് കമ്മിറ്റി<br>2.ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. അബ്ദുറബ്ബ്<br>3.കെ.എസ്.ഒ.എസ്, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ<br>4. .ബഹു.നഗരാസൂത്രണ മന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി.<br>5.ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ, എംഎൽ.എ<br>6. ശ്രീ.കെ.എ,ഹാഷിം, ഡയറക്ടർ. (ഇന്റർവ്യൂ ബോർഡ്)<br>7. ശ്രീ. അബ്ദുൾ ജലീൽ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ (ഇന്റർവ്യൂ ബോർഡ്)<br>8.എന്നിവർക്കാണ് എസ്.സി.ഇ.ആർ.ടി യെ സംബന്ധിച്ച് ലോകായുക്ത നോട്ടീസയച്ചിട്ടുള്ളത്. എസ്.എസ്.എ യെ സംബന്ധിച്ച് ചോദ്യം ബാധകമല്ല. |

സെക്ഷൻ ഓഫീസർ